**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർ, ഓഫീസ് മാനേജ്മെന്റ് ട്രെയിനി, പ്രീമെട്രിക് ഹോസ്റ്റലുകളിലെ എൽ.പി/യു.പി പാർട്ട് ടൈം ട്യൂട്ടർ, ഹൈസ്കൂൾ പാർട്ട് ടൈം ട്യൂട്ടർ എന്നീ തസ്തികകളുടെ ഓണറേറിയം 01.01.2016 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.9/2016/പജ.പവ.വിവ തിരുവനന്തപുരം, തീയതി: 30.01.2016**

==========================================================================

പരാമർശം : 1. 14.12.2015-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ എഫ്.2-6827/14 നമ്പർ കത്ത്.

2. 16.12.2015-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഇ-6-14592/14 നമ്പർ കത്ത്.
3. 17.12.2015-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഡി1-3636/15 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ പട്ടികവർഗ്ഗക്കാർ കൂടുതലും താമസിക്കുന്നത് അതീവ ദുർഘട മേഖലകളിലോ കാടിനുള്ളിലോ ആയതിനാൽ പ്രൊമോട്ടർമാർക്കും മറ്റും കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്നുവെന്നും കൂടാതെ നിലവിലെ ജീവിത ചെലവ്, യാത്രാ ചെലവ്, ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ചെലവ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർ, ഓഫീസ് മാനേജ്മെന്റ് ട്രെയിനി, പ്രീമെട്രിക് ഹോസ്റ്റലുകളിലെ എൽ.പി/യു.പി പാർട്ട് ടൈം ട്യൂട്ടർ, ഹൈസ്കൂൾ പാർട്ട് ടൈം ട്യൂട്ടർ എന്നീ തസ്തികകളുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 1, 2, 3 കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർ, ഓഫീസ് മാനേജ്മെന്റ് ട്രെയിനി, പ്രീമെട്രിക് ഹോസ്റ്റലുകളിലെ എൽ.പി/യു.പി പാർട്ട് ടൈം ട്യൂട്ടർ, ഹൈസ്കൂൾ പാർട്ട് ടൈം ട്യൂട്ടർ എന്നീ തസ്തികകളുടെ ഓണറേറിയം താഴെ കാണിച്ചിരിക്കുന്ന പ്രകാരം 01.01.2016 മുതൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

79

879



| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള ഓണറേറിയം | വർദ്ധിപ്പിച്ച തുക |
|---|---|---|---|
| 1 | പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർ | 5,625/-(യാത്രാ ബത്ത ഉൾപ്പെടെ) | 9,000/- (യാത്രാബത്ത ഒഴികെ) |
| 2 | ഓഫീസ് മാനേജ്മെന്റ് ട്രെയിനി | 6,000/- | 10,000/- |
| 3 | എൽ.പി/യു.പി പാർട്ട് ടൈം ട്യൂട്ടർ | 1,500/- | 5,000/- |
| 4 | ഹൈസ്കൂൾ പാർട്ട് ടൈം ട്യൂട്ടർ | 2,000/- | 5,500/- |

ഇതിലേയ്ക്കാവശ്യമായ തുക താഴെ പറയുന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

| ക്രമ നമ്പർ | തസ്തിക | ശീർഷകം |
|---|---|---|
| 1 | പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർ | 2225-02-102-89(1)(പ്ലാൻ) |
| 2 | ഓഫീസ് മാനേജ്മെന്റ് ട്രെയിനി | 2225-02-102-89-(3)-Honorarium to Management Trainee (Plan) |
| 3 | എൽ.പി/യു.പി പാർട്ട് ടൈം ട്യൂട്ടർ | 2225-02-277-35(പ്ലാൻ) |
| 4 | ഹൈസ്കൂൾ പാർട്ട് ടൈം ട്യൂട്ടർ | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രജനി.ടി.പി**
ഗവ.ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (U.O(N) ww1/213/15/Fin dated 07.01.2016)
4. പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്
5. ഐ & പി.ആർ.ഡി (വെബ് & ന്യൂമീഡിയ)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

80

Haripriya

സെക്ഷൻ ഓഫീസർ